ആർ.ബി.ഐ/2005-06/153
ആർ.പി.സി.ഡി; പി.എൽ.എൻ.എഫ്.എസ്, സെപ്റ്റംബർ 03-2005
ബി.സി. നമ്പർ 39/06-02-31/2005-2006

ചെയർമാൻ/മാനേജിംഗ് ഡയറക്ടർ

സർ,

**എസ്.എം.ഇ - അക്കൗണ്ടുകൾക്കുള്ള ഒറ്റത്തവണ തീർപ്പാക്കലിനുള്ള മാർഗ്ഗരേഖകൾ**

2005-ആഗസ്റ്റ് 19-ലെ ഞങ്ങളുടെ അറിയിപ്പ്. ആർ.പി.സി.ഡി.പി.എൽ.എൻ. എഫ് എസ്.ബി.സി. നമ്പർ 31/06-02 31/2005-2006-ലെ എട്ടാം ഖണ്ഡിക ദയവായി നോക്കുക. അതനുസരിച്ച് 10 കോടി രൂപയ്ക്കു താഴെയുള്ള എൻ.പി.എ.(NPA) അക്കൗണ്ടിലെ തിരികെ ഈടാക്കൽ നടപടിക്ക് ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിർദ്ദേശിച്ചിരിക്കുന്നു. എല്ലാ പൊതുമേഖലാ ബാങ്കുകളും അതു നടപ്പാക്കേണ്ടതാണ്.

ഈ മാർഗ്ഗരേഖകൾ എസ് എം ഇ വിഭാഗത്തിലെ പഴക്കം ചെന്ന നിഷ്ക്രിയ ആസ്തികളുടെ, വളരെ ലളിതവും ഔചിത്യപൂർണ്ണവും, വിവേചന രഹിതവുമായ ഒരു ഒറ്റത്തവണതീർപ്പാക്കൽ സംവിധാനത്തിന് ഈ മാർഗ്ഗരേഖകൾ അവസരം നൽകുന്നു.

2. വഞ്ചന, ബോധപൂർവ്വമുള്ള വീഴ്ച, ഉത്തമവിശ്വാസമില്ലാത്ത പ്രവൃത്തി, മുതലായ കേസുകളെ ഈ മാർഗ്ഗരേഖകളിൽ ഉൾപ്പെടുകയില്ല. ബോധപൂർവ്വമുള്ള വീഴ്ച, വഞ്ചന, ഉത്തമവിശ്വാസമില്ലാത്ത പ്രവൃത്തി എന്നീ കേസുകൾ കണ്ടുപിടിച്ചാൽ, ബാങ്കുകൾ ശക്തമായ നടപടി എടുക്കണം. അതനുസരിച്ച് പൊതുമേഖലാ ബാങ്കുകളുടെ എസ് എം ഇ വിഭാഗത്തിലെ നിഷ്ക്രിയ ആസ്തികളുടെ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ മാർഗ്ഗരേഖകൾ താഴെ കൊടുക്കുന്നു.

**(എ) 10 കോടി രൂപയിൽ താഴെയുള്ള പഴക്കം ചെന്ന നിഷ്ക്രിയ ആസ്തികൾക്കുള്ള ഒറ്റത്തവണ തീർപ്പാക്കൽ മാർഗ്ഗരേഖകൾ**

**(I) വ്യാപ്തി**

(എ) 2004 മാർച്ചു 31-നകം സംശയാസ്പദം അഥവാ നഷ്ട ആസ്തിയായി മാറിയതും ആസ്ഥിയെ സംശയാസ്പദ പട്ടികയിൽ ഉൾപ്പെടുത്തിയ ദിവസത്തെ ബാദ്ധ്യതാബാക്കി 10 കോടിയോ അതിൽ താഴെയോ ആണെങ്കിലും, എസ്.എം.ഇ വിഭാഗത്തിലെ അത്തരം നിഴ്ക്രിയ ആസ്തികൾക്ക് പുതിയ മാർഗ്ഗരേഖകൾ ബാധകമാണ്.

(ബി) 2004 മാർച്ച് 31 നകം സബ്-സ്റ്റാൻസാർസ് ആയി വേർതിരിച്ചതും, പിന്നീട് സംശയാസ്പദം/ നഷ്ട ആസ്ഥിയായി മാറിയതും അങ്ങിനെയായ ദിവസത്തെ അക്കൗണ്ടിലുള്ള ബാദ്ധ്യതാ ബാക്കി 10 കോടിരൂപയോ അതിൽ താഴെയോയാണെങ്കിൽ അവ ഈ മാർഗ്ഗരേഖയുടെ പരിധിയിൽ വരുന്നതാണ്.

(സി) 2002-ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ആഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആൻഡ് എൻഫോഴ്സുമെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ പരിധിയിൽ ബാങ്കുകൾ നടപടി തുടങ്ങിയതും, കോടതികൾ/ ഡിആർടികൾ/ബി.ഐ.എഫ്.ആർ തുടങ്ങിയവയുടെ പരിഗണയിലുള്ളതുമായ കേസുകളിലും, അവരുടെ, അനുമതി നൽകുന്ന വിധിയുടെ അടിസ്ഥാനത്തിൽ ഈ മാർഗ്ഗരേഖയുടെ പരിധിയിൽ വരുന്നതാണ്.

(ഡി) വഞ്ചന, മനപ്പൂർവ്വമുള്ള വീഴ്ച, ഉത്തമവിശ്വാസമില്ലാത്ത പ്രവൃത്തി എന്നീ കേസുകൾ ഇതിന്റെ പരിധിയിൽ വരുന്നതല്ല.

(ഇ) കടമെടുത്തിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തിയതി, 2006, മാർച്ച് 31 പ്രവൃത്തിസമയം തീരുന്നതുവരെയായിരിക്കും. പുതിയ മാർഗ്ഗരേഖകളനുസരിച്ചുള്ള നടപടികൾ 2006 ജൂൺ 30-ന് പൂർത്തീകരിക്കുന്നതായിരിക്കും.

**(II) തീർപ്പാക്കൽ പദ്ധതി - തുക**

എ) 2004 മാർച്ച് 31 വരെ സംശയകരവും നഷ്ടവുമെന്നു തരംതിരിച്ചിട്ടുള്ള എൻ.പി.എ കൾ

2004 മാർച്ചു 31-വരെ സംശയാസ്പദം അഥവാ നഷ്ട ആസ്ഥികളായി തരംതിരിച്ചിട്ടുള്ള നിഷ്ക്രിയ ആസ്ഥികളിൽ, പുതിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, തിരിച്ചുപിടിക്കേണ്ടുന്ന ഏറ്റവും ചുരുങ്ങിയ തുക ആ അക്കൗണ്ടിനെ അങ്ങിനെ തരം തിരിച്ച ദിവസത്തെ ബാദ്ധ്യതാ ബാക്കി മുഴുവനുമായിരിക്കും.

ബി) 2004 മാർച്ചു 31-വരെ സബ്സ്റ്റാൻഡാർഡ് ആയി തരംതിരിച്ചിട്ടുള്ള എൻ.പി.എ കൾ പിന്നീട് സംശയകരവും നഷ്ടവുമായതും.

2004 മാർച്ചു 31വരെ സബ്സ്റ്റാൻഡാർഡ് എന്നു കണക്കാക്കിയതും പിന്നീട് സംശയാസ്പദം/നഷ്ട ആസ്തിയായതുമായ കേസുകളിൽ ഈടാക്കേണ്ട കുറഞ്ഞ തുക, അവ സംശയാസ്പദ പട്ടികയിൽ ഉൾപ്പെടുന്ന ദിവസത്തെ ബാധ്യതബാക്കി മുഴുവനും കൂടാതെ 2004 ഏപ്രിൽ 1 ന്

നിലവിലുള്ള അടിസ്ഥാന വായ്പാനിരക്കിലുള്ള (പി.എൽ. ആർ) പലിശയും ചേർത്തായിരിക്കും.

**(III) അടവ്**

മുകളിൽ പറഞ്ഞ രണ്ടു കേസുകളിലും തീർപ്പാക്കിയിട്ടുള്ള തുക മുഴുവനായി അടയ്ക്കുന്നത് അഭികാമ്യമായിരിക്കും. എന്നാൽ മുഴുവൻ തുക ഒന്നിച്ചടയ്ക്കാൻ കഴിവില്ലാത്തവർ ഒത്തു തീർപ്പായ തുകയുടെ 25% മുൻകൂറായി അടയ്ക്കുകയും ബാക്കി 75% തുക അടിസ്ഥാന വായ്പാനിരക്കിലുള്ള പലിശ സഹിതം, തീർപ്പു കല്പിച്ച ദിവസം മുതൽ ഒരു വർഷത്തിനകം തവണകളായും അടയ്ക്കാവുന്നതാണ്.

**(IV) അനുവാദം തരേണ്ട അധികാരി**

ഒറ്റത്തവണ തീർപ്പാക്കലിനും അതിനോടനുബന്ധിച്ചുള്ള ഇളവുകൾ, ഒഴിവാക്കലുകൾ, എഴുതിത്തള്ളലുകൾ മുതലായവ വിനിയോഗിക്കാനുള്ള അധികാരം അത് നല്കിയ അധികാരി ചെയ്യുന്നതാണ്.

**(V) വിവേചനരഹിതമായ പെരുമാറ്റം**

ബാങ്കുകൾ മുകളിൽ പറഞ്ഞ മാർഗ്ഗരേഖകൾ ഒറ്റത്തവണ തീർപ്പാക്കലിനു ഈ പദ്ധതിയിലുൾപ്പെട്ട എല്ലാ എൻ.പി.എ കൾക്കും യാതൊരു വിവേചനവും കൂടാതെ പിൻതുടരേണ്ടതും, ഓരോ മാസവും പദ്ധതിയുടെ പുരോഗതി, ഒത്തുതീർപ്പുകളുടെ വിവരങ്ങൾ, ഓരോ അധികാരിയും അവരുടെ അടുത്ത ഉയർന്ന അധികാരിക്കും കേന്ദ്ര ആഫീസിനും അയക്കേണ്ടതാണ്. ബാങ്കുകൾ ഈ കാര്യത്തിനു വലിയ പരസ്യം കൊടുക്കുകയും 2006 ജനുവരി 31-നു മുൻപ് നോട്ടീസു കൊടുക്കുകയും വേണം. ഈ മാർഗ്ഗനിർദ്ദേശരേഖയനുസരിച്ച് ഒറ്റത്തവണ തീർപ്പാക്കലിനുള്ള അവസരം വിനിയോഗിക്കാൻ വീഴ്ച വരുത്തിയിട്ടുള്ള വായ്പക്കാരും അർഹരുമായിട്ടുള്ളവരെ അറിയിക്കുകയും വേണം.

**(VI) ബോർഡിനു റിപ്പോർട്ടു ചെയ്യുന്നത്**

ബാങ്കുകൾ ഒറ്റത്തവണ ഒത്തുതീർപ്പുണ്ടാക്കുന്ന എല്ലാ എൻ. പി. എ കളിലും പുതുക്കിയ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ നേടിയ പുരോഗതിയെ ക്കുറിച്ച് മൂന്നുമാസം കൂടുമ്പോൾ ഡയറക്ടർമാർക്കു റിപ്പോർട്ടു സമർപ്പിക്കേണ്ടതും, അതിന്റെ ഒരു കോപ്പി ഞങ്ങൾക്ക് അയച്ചു തരേണ്ടതുമാണ്..

3. വേഗത്തിൽ നടപ്പാക്കുന്നതിന്, മുകളിൽ പറഞ്ഞ മാർഗ്ഗരേഖകൾ നിങ്ങളുടെ മേൽനോട്ടമുള്ള ആഫീസുകൾക്കും ബ്രാഞ്ചുകൾക്കും വേണ്ട നിർദ്ദേശം കൊടുക്കേണ്ടതാണ്. ഇതേക്കുറിച്ച് നിങ്ങളുടെ വെബ് സൈറ്റിൽ പരസ്യപ്പെടുത്തേണ്ടതുമാണ്.

4. ഏതെങ്കിലും വായ്പക്കാരന്റെ കാര്യത്തിൽ ഏതെങ്കിലും വ്യതിയാനം വരുത്തണമെങ്കിൽ അതിനുള്ള അധികാരം ഡയറക്ടർ ബോർഡംഗങ്ങൾക്കു മാത്രമായിരിക്കും.

5. കത്ത് കൈപ്പറ്റിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

**(ജി ശ്രീനിവാസൻ)**

ചീഫ് ജനറൽ മാനേജർ